**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5814** **08-11-2021 - ൽ മറുപടിയ്ക്ക്**

**ആഭ്യന്തരമായി നൂൽ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കൈത്തറി മേഖലയിൽ നൂലിന്റെ അമിതമായ വിലക്കയറ്റം പരിഹരിക്കാൻ സംസ്ഥാനത്ത് തന്നെ സർക്കാർ സഹായത്തോടെ നൂൽ നിർമ്മാണം നടത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ സഹകരണ സ്പിന്നിംഗ് മില്ലുകളായ ആലപ്പി സഹകരണ സ്പിന്നിംഗ് മിൽ, കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ എന്നിവിടങ്ങളിലാണ് നിലവിൽ കഴിനൂൽ ഉൽപാദിപ്പിക്കുന്നത്. ആലപ്പി സഹകരണ സ്പിന്നിംഗ് മില്ലിൽ 60 കൗണ്ടിലുള്ള സിംഗിൾ കഴിനൂൽ 7,500 കിലോയോളവും, 60 കൗണ്ടിലുള്ള ഡബിൾ കഴിനൂൽ 1,50,000 കിലോയോളവും, കണ്ണൂർ സഹകരണ സ്പിന്നിംഗ് മില്ലിൽ 1,50,000 കിലോയോളവും കഴിനൂൽ പ്രതിവർഷം ഉൽപ്പാദിപ്പിക്കാൻ സാധിക്കുന്നുണ്ട്. സ്പിന്നിംഗ് മില്ലുകൾക്ക് ആവശ്യമായ പരുത്തി സംഭരണത്തിനായി Centralised Cotton Purchase Committee(CCPC) നിലവിലുണ്ട്. |
| (ബി) | കൈത്തറി സഹകരണ സംഘങ്ങൾക്ക് റിബേറ്റ് കുടിശ്ശികയായി കിട്ടാനുള്ള തുക ഏതുവർഷം വരെ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | മുൻ വർഷങ്ങളിലെ റിബേറ്റ് കുടിശ്ശികകളും അപാകതകൾ പരിഹരിച്ച് സമർപ്പിച്ച് അപേക്ഷകളും കോവിഡ് സ്പെഷ്യൽ റിബേറ്റ് അപേക്ഷകളിൽ ഭൂരിഭാഗവും ഉൾപ്പെടെ 2020-21 സാമ്പത്തിക വർഷം വരെയുള്ള അപേക്ഷകളിൽ അർഹതയുള്ളവർക്കെല്ലാം ഫണ്ട് അനുവദിച്ചിട്ടുണ്ട്. 2021-22 വർഷത്തെ വിഷു റിബേറ്റ് അപേക്ഷകളിൽ ചിലതും ഫണ്ട് നൽകിയപ്പോൾ പരിഗണിച്ചിരുന്നു. |
| (സി) | കടലാസ് സംഘങ്ങൾ കൈത്തറി റിബേറ്റ് വാങ്ങുന്ന തെറ്റായ പ്രവണത തടയാൻ ശക്തമായ നടപടികൾ ഉണ്ടാകുമോ എന്ന് അറിയിക്കുമോ? | (സി) | സംസ്ഥാനത്തിനകത്ത് പ്രവർത്തിക്കുന്ന ഉൽപ്പാദനമുള്ള സംഘങ്ങൾക്ക് മാത്രമാണ് കൈത്തറി റിബേറ്റ് പദ്ധതി ആനുകൂല്യം ലഭിക്കുന്നത്. കൈത്തറി റിബേറ്റിന് അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പാലിച്ച്കൊണ്ട് അർഹത നിർണ്ണയിച്ച് ഫണ്ട് നൽകുന്നതിനാൽ കടലാസ് സംഘങ്ങൾ / വ്യാജ സംഘങ്ങൾ റിബേറ്റ് പട്ടികയിൽ ഉൾപ്പെടുന്നില്ല. |

സെക്ഷൻ ഓഫീസർ